(ബി) തീരുമാനിച്ചിട്ടുണ്ട്. ഒന്നാംഘട്ടം പദ്ധതി നടപ്പിലാക്കി 8 വർഷം പൂർത്തിയായാൽ എൻ.സി.ഡി.സി.യുടെ അനുമതിയോടുകൂടി രണ്ടാംഘട്ടം ആരംഭിക്കാവുന്നതാണ്. ഇപ്പോൾ വയനാട് ജില്ലയിൽ ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് പ്രോജക്ടിന്റെ രണ്ടാംഘട്ടം പൂർത്തിയായിട്ടുണ്ട്. ഇടുക്കി ജില്ലയിൽ രണ്ടാംഘട്ടം പദ്ധതി ആരംഭിക്കുന്നതിന് ജീവനക്കാരെ തെരഞ്ഞെടുത്തുകഴിഞ്ഞു. പദ്ധതി ഉടൻ ആരംഭിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ രണ്ടാംഘട്ടം പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് എൻ.സി.ഡി.സി.യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തൃശൂർ ജില്ലയിൽ രണ്ടാംഘട്ടം പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഐ.സി.എം. കണ്ണൂരിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സഹകരണ സംഘങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ (ഓഫീസ്, കെട്ടിടം, ഗോഡൗൺ ഫർണീച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ, സ്ട്രോംഗ്റൂം തുടങ്ങിയവ) മെച്ചപ്പെടുത്തുന്നതിനും, കാർഷികവും അനുബന്ധ മേഖലയിലുള്ള ഉൽപ്പാദനം, സംസ്കരണം, വിപണനം എന്നിവയുടെ വികസനത്തിനും നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തുന്നതിനും സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാനവവിഭവശേഷി വികസനത്തിനുള്ള പരിശീലനം നൽകുന്നതിനും പുറമേ വിനോദസഞ്ചാരം, ആരോഗ്യസംരക്ഷണം, പരമ്പരാഗത ഊർജ്ജ ഉൽപ്പാദനവും വിതരണവും, പാർപ്പിടം, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം എന്നിവ നടപ്പിലാക്കുന്നതിന് രണ്ടാംഘട്ടം ലക്ഷ്യമിട്ടിട്ടുണ്ട്.

(ഡി) ദേശീയ സഹകരണ വികസന കോർപ്പറേഷനും (എൻ.സി.ഡി.സി.) സംസ്ഥാന സർക്കാരും ജില്ലാ സഹകരണ ബാങ്കും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

### മൂലധന പര്യാപ്തത പാലിക്കാത്ത സഹകരണ ബാങ്കുകൾക്കെതിരെ നടപടി

83 (6534) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിസർവ്വ് ബാങ്ക് നിർദ്ദേശിച്ച മൂലധന പര്യാപ്തത പാലിക്കാത്ത സഹകരണ ബാങ്കുകളുണ്ടോ, ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) മൂലധന പര്യാപ്തതയ്ക്കായി ഗവൺമെന്റിൽനിന്നും എത്ര തുക വാഗ്ദാനം ചെയ്തിരുന്നു ; എത്രതുക നൽകി ;

(സി) പ്രസ്തുത സഹകരണ ബാങ്കുകൾക്ക് മൂലധന പര്യാപ്തത കൈവരിക്കാൻ കഴിയാതെ പോയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മൂലധന പര്യാപ്തത പാലിക്കാത്ത ബാങ്കുകളുടെ മേലുള്ള നടപടികൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ ?

**ഉത്തരം**

(എ) ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽവരുന്ന സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ സെക്ഷൻ 11(1) പ്രകാരമുള്ള നിശ്ചിത മൂലധന പര്യാപ്തത (സി.ആർ.എ.ആർ.) 30-6-2013-ന് കുറഞ്ഞത് 4% കൈവരിക്കണമെന്നുള്ള ഭാരതീയ റിസർവ്വ് ബാങ്കിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ ബാങ്കിനും ആലപ്പുഴ, കോട്ടയം, കൊല്ലം, കാസർഗോഡ്, മലപ്പുറം, പത്തനംതിട്ട എന്നീ ജില്ലാ ബാങ്കുകൾക്കും നിശ്ചിത മൂലധന പര്യാപ്തത 30-6-2013-ന് കൈവരിക്കാൻ കഴിഞ്ഞിരുന്നില്ല.

(ബി) സംസ്ഥാന സഹകരണ ബാങ്കിനും 6 ജില്ലാ സഹകരണ ബാങ്കുകൾക്കും നിശ്ചിത മൂലധന പര്യാപ്തത കൈവരിക്കുന്നതിന് 2013 ജൂൺ 27-ന് പുറപ്പെടുവിച്ച സ.ഉ. (സാധാ) നമ്പർ 418/2013/സഹ നമ്പർ ഉത്തരവു പ്രകാരം 199.50 കോടി രൂപ സംസ്ഥാന സർക്കാർ ഈ ബാങ്കുകൾക്ക് അനുവദിക്കുകയും അപ്രകാരം അനുവദിച്ച തുകയ്ക്ക് തുല്യമായ തുക സംസ്ഥാന ട്രഷറിയിൽ പ്രത്യേക സഹകരണബാങ്ക് നിക്ഷേപ പദ്ധതിയിൽ നിക്ഷേപിക്കണമെന്നും ഉത്തരവായിരുന്നു. ആയതുപ്രകാരം സംഘങ്ങൾ അത്രയും തുക ട്രഷറിയിൽ നിക്ഷേപിക്കാത്തതിനാൽ തുക പിൻവലിക്കുന്നതിന് സാധിച്ചിട്ടില്ല.

(സി) കാർഷിക കടാശ്വാസ പദ്ധതി, മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി, എസ്.സി./എസ്.ടി. കടാശ്വാസ പദ്ധതികൾ നടപ്പിലാക്കുന്നത് മൂലമുണ്ടാകുന്ന നഷ്ടം, അപ്പക്സ്, സെൻട്രൽ സഹകരണ സംഘങ്ങൾക്ക് സംസ്ഥാന ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും നൽകിയ വായ്പയുടെ തിരിച്ചടവ് യഥാസമയം ലഭിക്കാത്തതും വർദ്ധിച്ച തോതിലുള്ള കുടിശ്ശിക/ കിട്ടാക്കടം കുറഞ്ഞ ഓഹരി മൂലധനം എന്നിവയാണ് നിശ്ചിത മൂലധന പര്യാപ്തത കൈവരിക്കാൻ കഴിയാതെ പോയതിന്റെ കാരണം.

(ഡി) മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി സംസ്ഥാന ബാങ്ക് സ്വന്തം ഫണ്ടിൽനിന്ന് 129.50 കോടിരൂപ 6 ജില്ലാ ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. ബാങ്കിന്റെ കുടിശ്ശിക പരമാവധി ഈടാക്കി എൻ.പി.എ. കുറച്ച് ലാഭക്ഷമത കൈവരിക്കുക, അംഗസംഘങ്ങളിൽനിന്നും അധിക ഓഹരി മൂലധനം സമാഹരിക്കുക എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം അംഗങ്ങൾ വിവിധ ആവശ്യങ്ങൾക്കായി എടുക്കുന്ന വായ്പയുടെ ഓഹരി അനുപാതം 2% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. മൂലധനം സ്വരൂപിക്കുന്നതോടൊപ്പം മൂലധന പര്യാപ്തത കൈവരിക്കുന്നതിന് ആർ.ബി.ഐ.യുടെ സർക്കുലർ നിർദ്ദേശപ്രകാരം ലോംഗ് ടേം സബോർഡിനേറ്റ് ഡെപ്പോസിറ്റ് സ്കീം, ഇന്നൊവേറ്റീവ് പെർപെചൽ ഡെബ്റ്റ് ഇൻസ്ട്രുമെന്റ് എന്നിവവഴി രജിസ്ട്രാറുടെ അനുമതിയോടുകൂടി ടയർ

LIBRARY ARCHIVES Kerala Legislative Assembly

1, ടയർ 2 മൂലധനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. മാത്രമല്ല നിക്ഷേപം നടത്തുകയോ, വായ്പ എടുക്കുകയോ ചെയ്യുന്ന വ്യക്തികളിൽനിന്ന് നോമിനൽ ഓഹരിയായും അധിക മൂലധനം സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് ധനസഹായം

84 (6535) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പാലോട് രവി :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെ ആണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ ആരംഭിക്കുന്നതിനും ഗസ്റ്റ് ഹൗസുകൾ, റിസോർട്ടുകൾ എന്നിവ നിർമ്മിക്കുന്നതിനും വാഹനങ്ങൾ വാങ്ങുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

### ഉത്തരം

(എ) രൂപം നൽകിയിട്ടുണ്ട്. ടൂറിസം വികസനം ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘങ്ങൾക്കായി സംസ്ഥാന പദ്ധതിപ്രകാരവും എൻ.സി.ഡി.സി. പദ്ധതിപ്രകാരവും ധനസഹായം നൽകിവരുന്നു. കേരളത്തിലുടനീളം വിപുലമായ ശൃംഖലയുള്ളതും നല്ലനിലയിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സംഘങ്ങളുടെ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിലും എൻ.സി.ഡി.സി. സഹായത്തോടുകൂടി വിനോദസഞ്ചാര പ്രാധാന്യമുള്ള മേഖലകളിൽ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഗസ്റ്റ് ഹൗസുകൾ അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. സംസ്ഥാന പദ്ധതിപ്രകാരം ഓഹരി, സബ്സിഡി ഇനത്തിലായി 1:2 അനുപാതത്തിൽ പരമാവധി 20 ലക്ഷംരൂപവരെ ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ ടൂറിസം വികസനത്തിനായി ടൂറിസം സഹകരണ സംഘങ്ങൾക്ക് പലവക വിഭാഗത്തിൽ ഉൾപ്പെടുത്തി 2,00,000 രൂപവീതം ഓഹരി മൂലധന സഹായവും നൽകിവരുന്നു. എൻ.സി.ഡി.സി. പദ്ധതിപ്രകാരം സംഘം സമർപ്പിക്കുന്ന അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഹരി മൂലധനസഹായം, വായ്പ എന്നിവ നൽകിവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly